"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - ബഹു. പ്രധാനമന്ത്രി ശ്രീ.നരേന്ദ്ര മോദി-യുടെ 15.03.2024 തീയതിയിലെ സംസ്ഥാന സന്ദർശനം- വിവിധ സൗകര്യങ്ങൾ ക്രമീകരിച്ചതുമായി ബന്ധപ്പെട്ട് തുക ചെലവഴിച്ച നടപടി - Ex-post facto അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(കൈ) നം.16/2026/TSM തീയതി,തിരുവനന്തപുരം, 10-06-2026

---

പരാമർശം:-

1. 15.03.2024 തീയതിയിലെ സ.ഉ.(സാധാ)നം.2480/2024/ധന നമ്പർ സർക്കാർ ഉത്തരവ്.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 02.12.2024 തീയതിയിലെ DOT/918/2024-HB1 നമ്പർ കത്ത്.
3. എയർ ഹെഡ്ക്വാർട്ടേഴ്സ് ഡെപ്യൂട്ടി ഡയറക്ടറുടെ 18.12.2025 തീയതിയിയിലെ Air HQ/25654/25/4410/Accts/Aircrew നമ്പർ കത്ത്.
4. 16.01.2026 തീയതിയിലെ സ.ഉ.(സാധാ)നം.34/2026/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്.
5. വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് പൊതുഭരണ(പ്രോട്ടോകോൾ) വകുപ്പിൽ നിന്നും ലഭ്യമാക്കിയ 09.03.2026 തീയതിയിലെ പ്രൊ 2എ/73/2024 പൊ.ഭ.വ നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി 15.03.2024-ന് നാഗർകോവിൽ, പത്തനംതിട്ട എന്നിവിടങ്ങളിലും 19.03.2024-ന് പാലക്കാട്ടും വിവിധ പൊതു പരിപാടികളിൽ സംബന്ധിക്കുന്നതിനായി സംസ്ഥാനം സന്ദർശിക്കുകയുണ്ടായി. മേൽ സന്ദർശനങ്ങളുമായി ബന്ധപെട്ട വിവിധ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിലേക്കായി "3452-80-800-22-വിവിഐപി സന്ദർശനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ" എന്ന ശീർഷകത്തിൽ 25,00,000/- രൂപ (ഇരുപത്തഞ്ചു ലക്ഷം രൂപ മാത്രം) പരാമർശം (1) പ്രകാരം മുൻകൂറായി അനുവദിച്ചു നൽകിയിരുന്നു.

2) 15.03.2024 -ലെ ചെലവ് കഴിച്ചു മിച്ചം വന്ന 2,28,846/- രൂപ (രണ്ടു ലക്ഷത്തി ഇരുപത്തെട്ടായിരത്തി എണ്ണൂറ്റി നാല്പത്തിയാറു രൂപ മാത്രം) ഉൾപ്പെടെ 19.03.2024-ലെ

പാലക്കാട് സന്ദർശനവുമായി ബന്ധപ്പെട്ട് ആകെ ചെലവായ 9,97,191/-രൂപ (ഒൻപതു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി നൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) യുടെ ചെലവിന് പരാമർശം (4) പ്രകാരം Ex-post facto അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) ബഹു. പ്രധാനമന്ത്രിയുടെ 15.03.2024-ലെ നാഗർകോവിൽ, പത്തനംതിട്ട സന്ദർശനവുമായി ബന്ധപ്പെട്ട് എയർ ക്രൂ അംഗങ്ങൾക്ക് താമസം, ഭക്ഷണം, യാത്ര സൗകര്യം എന്നിവ ക്രമീകരിച്ച വകയിൽ ചെലവായ 6,80,980/-രൂപയുടെ (ആറു ലക്ഷത്തി എൺപതിനായിരത്തി തൊള്ളായിരത്തി എൺപതു രൂപ മാത്രം) വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ എയർക്രൂ ബില്ലുകൾ പ്രതിപൂരണത്തിനായി വായുസേന ആസ്ഥാനത്തേക്ക് അയച്ചു നൽകുകയും Expenditure on non-essential items- ഇനത്തിൽ ₹6,933/-രൂപ കിഴിവ് ചെയ്തു ₹6,74,047/-രൂപ (ആറു ലക്ഷത്തി എഴുപത്തി നാലായിരത്തി നാല്പത്തിഏഴു രൂപ മാത്രം) പരാമർശം (3) പ്രകാരം അനുവദിച്ചു നൽകുകയും ചെയ്തിരുന്നു.

4) ബഹു. പ്രധാനമന്ത്രിയുടെ 15.03.2024-ലെ നാഗർകോവിൽ, പത്തനംതിട്ട സന്ദർശനവുമായി ബന്ധപ്പെട്ട് ചെലവായ 22,71,154/-രൂപ (ഇരുപത്തി രണ്ടു ലക്ഷത്തി എഴുപത്തി ഒന്നായിരത്തി നൂറ്റി അൻപത്തി നാലു രൂപ മാത്രം) ഇതിനകം അനുവദിച്ചു നല്കിയ സാഹചര്യത്തിൽ വായുസേന ആസ്ഥാനത്തുനിന്നും ലഭിച്ച കത്തിന്റെ പകർപ്പ്, അസ്സൽ ബിൽ എന്നിവ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് അയച്ചു നൽകി പിസിഡിഎ (എ.എഫ്) ഡെറാഡൂൺ നിന്നും ₹6,74,046/-രൂപ(ആറു ലക്ഷത്തി എഴുപത്തി നാലായിരത്തി നാല്പത്തിയാറു രൂപ മാത്രം) ലഭ്യമാക്കി "3452-80-800-22- വിവിഐപി സന്ദർശനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ" എന്ന ശീർഷകത്തിൽ തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദേശം നൽകുകയും Expenditure on non-essential items- ഇനത്തിൽ കിഴിവ് ചെയ്തു ₹6,933/-രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകുന്നതിനും പരാമർശം (5) പ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു.

4) 15.03.2024 ലെ സന്ദർശനവുമായി ബന്ധപ്പെട്ട് എയർ ക്രൂ അംഗങ്ങൾക്ക് താമസം, ഭക്ഷണം, ഗതാഗതം എന്നിവ ക്രമീകരിച്ച വകയിൽ 6,80,980/-രൂപ (ആറു ലക്ഷത്തി എൺപതിനായിരത്തി തൊള്ളായിരത്തി എൺപതു രൂപ മാത്രം) ഉൾപ്പെടെ ആകെ 22,71,154/-രൂപ (ഇരുപത്തി രണ്ടു ലക്ഷത്തി എഴുപത്തി ഒന്നായിരത്തി നൂറ്റി അൻപത്തി നാലു രൂപ മാത്രം) ചെലവ് വന്നതിനാൽ മേൽ തുക അംഗീകരിച്ചു നല്കണമെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു .

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബഹു. പ്രധാനമന്ത്രിയുടെ 15.03.2024-ലെ നാഗർകോവിൽ, പത്തനംതിട്ട സന്ദർശനവുമായി ബന്ധപ്പെട്ട് എയർ ക്രൂ അംഗങ്ങൾക്ക് താമസം, ഭക്ഷണം, ഗതാഗതം എന്നിവ ക്രമീകരിച്ച വകയിൽ 6,80,980/-രൂപ (ആറു ലക്ഷത്തി എൺപതിനായിരത്തി തൊള്ളായിരത്തി എൺപതു രൂപ മാത്രം) ഉൾപ്പെടെ ആകെ 22,71,154/-രൂപ (ഇരുപത്തി രണ്ടു ലക്ഷത്തി എഴുപത്തി ഒന്നായിരത്തി നൂറ്റി അൻപത്തി നാലു രൂപ മാത്രം)യുടെ ചെലവുകൾക്ക് Ex-post facto അംഗീകാരം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.

സ്റ്റേറ്റ് മിഷൻ കോ-ഓർഡിനേറ്റർ, ഉത്തരവാദിത്ത ടൂറിസം മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I& ആഡിറ്റ് II ), കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം

ആസൂത്രണ സാമ്പത്തിക കാര്യ (പി.ഐ.ഇ.എം) വകുപ്പ്

ധനകാര്യ (എക്സ്പെഡിച്ചർ) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി(C3/114/2026-TOUR)

ഉത്തരവിൻ പ്രകാരം
Signed by Sajila T
Date: 10-06-2026 16:36:35
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.